# സംശയ നിവാരണം

1. മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടോ ? ഉദാ: ജലനിധി, ദേശീയ തൊഴിലുറപ്പ് പദ്ധതി, എം.പി-എം.എൽ.എ ഫണ്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചാത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ) ഓരോ വർഷവും വിവിധ വിഷയ മേഖലകളിലായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ നേട്ടങ്ങളുടെ ഡാറ്റയാണ് ശേഖരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വാർഷിക പദ്ധതിയില് നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതി പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭ്യമാകും. ഇത്തരത്തിലുള്ള ഫണ്ടുകളും. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത്-വികസന ഫണ്ടും ഉപയോഗിച്ച് ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ മുഴുവൻ നേട്ടങ്ങളെയും സംബന്ധിച്ച ഡാറ്റ നിശ്ചയിച്ചിട്ടുള്ള യൂണിറ്റുകളിൽ കൃത്യമായി തയ്യാറാക്കി ഓൺലൈനായി ഡാറ്റ എൻട്രി ചെയ്യണം.

ഉദാ: 1)ശുചിത്വ മിഷൻ ഫണ്ട്, ജലനിധി ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിൽ ബയോഗ്യാസ് പ്ലാന്റ്, മിനി കുടിവെള്ള പദ്ധതി എന്നിവ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കിയാൽ ആയത് സംബന്ധിച്ച ഡാറ്റ തനത് വർഷം ചോദ്യാവലി 7.1 ൽ ഇനം 1 ലും, ചോദ്യാവലി 7.7 ൽ ഇനം 10 ലും രേഖപ്പെടുത്തണം.

ഉദാ: 2) എം.എൽ.എ ഫണ്ട് കൂടി ഉപയോഗപ്പെടുത്തി ഒരു ഗ്രാമപഞ്ചായത്തിൽ 2017-18 ൽ ഒരു പുതിയ ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തികരിച്ചെങ്കിൽ ആയത് പ്രസ്തുത ഗ്രാമപഞ്ചായത്ത് ആണ് (ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതെങ്കിൽ ആയതിന്റെ വിവരങ്ങൾ പശ്ചാത്തല മേഖലയിലെ ചോദ്യാവലി 12.5.2 ലെ കോളം 5, 6 ലായി രേഖപ്പെടുത്തണം. എന്നാൽ പ്രസ്തുത പ്രോജക്ട് ഗ്രാമപഞ്ചായത്ത് മുഖേന അല്ലാതെ പി.ഡബ്ല്യു.ഡി അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസി മുഖേന ആയത് നിർവ്വഹണം നടത്തിയതെങ്കിൽ ആയതിന്റെ വിവരങ്ങൾ ഷെഡ്യൂളിൽ രേഖപ്പെടുത്തേണ്ടതില്ല.

| | |
|---|---|
| | ഉദാ: 3) ദേശീയ തൊഴിലുറപ്പ് പദ്ധതികളുടെ ഫണ്ട് ഒരു ഗ്രാമപഞ്ചായത്തിലെ "കനാൽ വൃത്തിയാക്കുന്ന പ്രവർത്തനം" നടത്തിയാൽ രേഖപ്പെടുത്തിയാൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.<br>ദേശീയ തൊഴിലുറപ്പ് പദ്ധതികളുടെ ഫണ്ട് ഉപയോഗപ്പെടുത്തി ഒരു തദ്ദേശഭരണസ്ഥാപനത്തിലെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാന് കഴിയില്ല. എന്നാല് വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന ചില പ്രവൃത്തികളുടെ നിർമ്മാണം തൊഴില് ഉറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കാം. ഇങ്ങനെ തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രോജക്ടിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തികള് രേഖപ്പെടുത്തണം. |
| | ഉദാ: 4) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രളയത്തിൽ തകർന്ന വീടിന്റെ പുനർനിർമ്മാണം അല്ലെങ്കിൽ പുതിയ വീട് നിർമ്മാണം റവന്യൂ വകുപ്പ് തലത്തിൽ വില്ലേജ് ഓഫീസ് വഴി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഭവനനിർമ്മാണ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അല്ലാതെ) പ്രസ്തുത വിവരങ്ങൾ നൽകേണ്ടതില്ല. |
| 2. | ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗപ്പെടുത്തി ഏതെങ്കിലും വിഷയമേഖലയിൽ പദ്ധതി പ്രവർത്തനം പൂർത്തികരിച്ചാൽ ആയതിന്റെ ഡാറ്റ എങ്ങനെ രേഖപ്പെടുത്തും ? |

| | |
|---|---|
| | പ്രസ്തുത പ്രോജക്ട് ഗ്രാമപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥന് ആണ് നടപ്പിലാക്കിയതെങ്കിൽ ആയതിന്റെ വിവരങ്ങൾ അതിന്റെ വിഷയമേഖല ചോദ്യാവലിയിൽ രേഖപ്പെടുത്തണം. (ഉദാഹരണമായി ഒരു റോഡിന്റെ നിർമ്മാണമാണ് ഇത്തരത്തിൽ പൂർത്തികരിച്ചതെങ്കിൽ ചോദ്യാവലിയിലെ 12.1 ബ്ലോക്കിൽ ഇനം.1-ൽ എണ്ണവും റോഡിന്റെ നീളവും രേഖപ്പെടുത്തണം) |
| 3. | 2014-15 ൽ ആരംഭിച്ചതും 2015-16 ൽ പൂർത്തികരിച്ചതും ആയ പദ്ധതികളുടെ വിവരം രേഖപ്പെടുത്തേണ്ടത് ഉണ്ടോ ?<br>രേഖപ്പെടുത്തണം. പദ്ധതി പൂർത്തിയാക്കിയ വർഷം അത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണം. |
| 4. | 2019-20 തുടങ്ങി സ്പിൽ ഓവർ ആയി തുടരുന്ന പദ്ധതികൾ ഏതു വർഷം ഉൾപ്പെടുത്തണം ? |
| | പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച വിവരങ്ങൾ ഉണ്ടെങ്കിൽ 2019-20 വർഷത്തിൽ കാണിക്കണം. പദ്ധതി പൂർത്തീകരിക്കുന്ന വർഷം മാത്രമെ ബാക്കി വിവരങ്ങൾ രേഖപ്പെടുത്തുവാൻ കഴിയു. (അടുത്ത റൗണ്ട് സർവെ) |
| 5. | വിൻഡ്രോ കമ്പോസ്റ്റിനു വേണ്ടി 13-14 ൽ കെട്ടിടം പണിതു. എന്നാൽ പ്ലാന്റ് പ്രവർത്തനം തുടങ്ങിയത് 19-20 ആണ്. ഏത് വർഷം രേഖപ്പെടുത്തണം ? |
| | വിൻഡ്രോ പ്ലാന്റിന്റെ എണ്ണം 2019-20 ൽ ഉൾപ്പെടുത്തണം. എന്നാൽ 2013-14 ല് കെട്ടിടം പണി പൂർത്തീകരിച്ചു എങ്കില് (പ്ലംബിംഗ്, വയറിംഗ് ഉൾപ്പെടെ) ആ ആസ്തിയുടെ വിവരം 2019-20 ൽ രേഖപ്പെടുത്തേണ്ടതില്ല. 2019 -20 ൽ വിൻഡ്രോ കമ്പോസ്റ്റിനു വേണ്ടി അധികമായി ചെലവ് ചെയ്ത പ്രവർത്തനങ്ങളുടെ വിവരങ്ങള് മാത്രം രേഖപ്പെടുത്തിയാൽ മതി. |
| 6. | പശ്ചാത്തല സൗകര്യ വികസന മേഖലയിൽ ഒരു വർഷം ഒരു പ്രോജക്ടിന്റെ ഭാഗമായി തന്നെ ഒരു റോഡിന്റെ ടാറിങ്ങ്, കോൺക്രീറ്റിംഗ്, ഇന്റർലോക്കിംഗ് എന്നിവ പൂർത്തികരിച്ചാൽ ചോദ്യാവലിയിൽ വിവരങ്ങൾ എങ്ങനെ രേഖപ്പെടുത്തും ? |
| | ടാർ ചെയ്ത ഭാഗം ടാറിംഗ് റോഡായും കോൺക്രീറ്റ് ചെയ്ത ഭാഗം കോൺക്രീറ്റ് റോഡായും ഇന്റർ ലോക്ക് ചെയ്ത് ഭാഗം ഇന്റർ ലോക്കിംഗ് റോഡായും (ഒരേ റോഡിനെ തന്നെ മൂന്ന് ഭാഗമായി കാണിച്ച്) അതാത് വിഭാഗത്തിൽ ഉൾപ്പെടുത്തണം. |
| 7. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തികളുടെ സാങ്കേതിക അംഗീകാരം അസിസ്റ്റന്റ് എഞ്ചിനീയർ നൽകുകയും, പ്രവർത്തികളുടെ നിർവ്വഹണം പഞ്ചായത്ത് സെക്രട്ടറി നടത്തുകയും ചെയ്താൽ വിവരങ്ങൾ ആരാണ് നൽകേണ്ടത് ?<br>പൂർണ്ണമായും തൊഴിലുറപ്പ് പദ്ധതിയില് നടപ്പിലാക്കിയ ഒരു പ്രവൃത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി നിർവ്വഹണം നടത്തിയാതായി രേഖപ്പെടു ത്തേണ്ടതില്ല. |
| 8. | ആശുപത്രിയിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ആംബുലൻസ് വാങ്ങി. ഇത് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മുഖാന്തിരമല്ല നിർവ്വഹണം നടന്നിട്ടുള്ളത്. ആരോഗ്യമേഖലയുടെ ചോദ്യാവലിയിൽ ഉൾപ്പെടുത്തണമോ ?<br>ചോദ്യാവലിയിൽ ഉൾപ്പെടുത്തേണ്ടതില്ല. |
| 9. | കാർഷിക മേഖലയിലെ ചോദ്യാവലിയിൽ കീടനാശിനിയുടെ യൂണിറ്റ് ലിറ്ററിൽ രേഖപ്പെടുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഖരാവസ്ഥയിലുള്ള കീടനാശിനികളും ഉപയോഗത്തിലുണ്ട്. യൂണിറ്റ് എങ്ങനെ രേഖപ്പെടുത്തും.<br>കിലോഗ്രാം അല്ലെങ്കിൽ ഗ്രാമിൽ ലഭ്യമാകുന്ന കീടനാശിനി പ്രസ്തുത അളവിന് തുല്യമായ ലിറ്ററിലേക്ക് മാറ്റി രേഖപ്പെടുത്തണം. |
| 10. | വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മാസ്റ്റർമാർ അല്ലാതെ മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഡാറ്റ എൻട്രി ആരാണ് ചെയ്യുക?<br>നിർമ്മാണ പ്രവൃത്തികള് ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ മേഖല പ്രവർത്തനങ്ങളും വിദ്യാഭ്യാസ മേഖല നിർവ്വഹണ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യണം. |
| 11. | ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ സ്കൂളിൽ നടപ്പാക്കിയത് ആര് എൻട്രി നടത്തും.<br>ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിർവ്വഹണം നടത്തിയ വിവരങ്ങൾ തത്ക്കാലം സർവെയിൽ ശേഖരിക്കുന്നില്ല. |

12. എല്ലാ സ്കൂളുകളുടെയും വിവരങ്ങൾ വേണോ. അതു വേറെ ഉദ്യോഗസ്ഥർ നിർവ്വഹണം ചെയ്തതാണെങ്കിൽ.

അതത് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരാണ് നിർവ്വഹണം നടത്തിയിട്ടുള്ളതെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡാറ്റാ റിപ്പോർട്ട് ചെയ്യാന് ചുമതലപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥൻ മറ്റുള്ളവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തണം.

13. ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ജില്ലാ പഞ്ചായത്തിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടെങ്കിൽ മൂന്നും ഒരുമിച്ച ചേർത്ത് എഴുതിയാൽ മതിയോ?

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനാണ് പ്രോജക്ടുകൾ നടപ്പിലാക്കിയതെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തണം. മുഴുവൻ തുകയും കാണിയ്ക്കണം

14. Department fund (B fund) പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി ചിലവഴിച്ചത് ഉൾപ്പെടുത്താൻ പറ്റുമോ ?

ഉൾപ്പെടുത്തണം. പഞ്ചായത്ത് സെക്രട്ടറിയുമായി ആലോചന നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിവരങ്ങൾ ശേഖരിക്കുന്ന 13–ാം മത്തെ ചോദ്യാവലിയിൽ രേഖപ്പെടുത്തേണ്ട കാര്യങ്ങൾ അവിടെയും അല്ലാത്തവ അതത് വിഷയമേഖല ചോദ്യാവലികളിലും രേഖപ്പെടുത്തണം. സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട വകുപ്പുകൾ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറി ഗുണഭോക്താക്കൾക്ക് കൈമാറുന്ന തുകയെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ പൊതുവിവരങ്ങൾ ശേഖരിക്കുന്ന പതിമൂന്നാമത്തെ ചോദ്യാവലിയില് ഉൾപ്പെടുത്തണം, വകുപ്പുതല ഫണ്ട് സെക്രട്ടറിക്ക് കൈമാറി പദ്ധതി പ്രോജക്ടുമായി സംയോജിപ്പിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിൽ ആയതും അതാത് വിഷയമേഖലയില് രേഖപ്പെടുത്തണം.

15. NHM ഹോമിയോ മെഡിസിൻ വാങ്ങുന്നത് മിക്ക പഞ്ചായത്തുകളിലും അലോപ്പതി മെഡിക്കൽ ഓഫീസറാണ് ചെയ്യുന്നത്. ആരാണ് ഡാറ്റാ എൻട്രി ചെയ്യേണ്ടത് ? HMC Fund ഉപയോഗിച്ചുള്ള Purchase കാണിക്കേണ്ടതില്ലല്ലോ.

ഹോമിയോ മെഡിസിൻ വാങ്ങിയത് മോഡേണ് മെഡിസിന്റെ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിലും ആ വിവരം ഹോമിയോ മെഡിക്കല് ഓഫീസര് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കണം.

16. ആയുർവേദ മെഡിക്കൽ ഓഫീസറൻമാരും പാലിയേറ്റീവ് കെയറിന്റെ ഭാഗമായി പ്രവർത്തനം നടത്തുന്നുണ്ട്. വിവരങ്ങൾ എങ്ങനെ രേഖപ്പെടുത്തും.

പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങൾ പ്രവർത്തനങ്ങള് നടത്തിയിട്ടുണ്ടെങ്കില് പ്രസ്തുത വിവരങ്ങള് മോഡേണ് മെഡിസിന് കൈമാറുകയും. മോഡേൺ മെഡിസിന് വിഭാഗം ആയത് കൂടി ചേർത്ത് പാലിയേറ്റീവ് കെയറിൽ രേഖപ്പെടുത്തണം.

17. ഞങ്ങൾ ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ കൂടിയാണ്. പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലും നടപ്പിലാക്കുന്നുണ്ട്. ആയത് രേഖപ്പെടുത്തണോ ?

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന തലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിലെ മോഡേണ് മെഡിസിന് ഡോക്ടർക്ക് കൈമാറണം.

18. മെഡിക്കൽ ക്യാമ്പ് പഞ്ചായത്ത് ഫണ്ടും വകുപ്പിന്റെ ഫണ്ടും, ഉപയോഗിച്ച് നടത്തി. എങ്ങനെ രേഖപ്പെടുത്തും ?

പഞ്ചായത്ത് വാർഷികപദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയത് ആണെങ്കില് വിവരങ്ങൾ രേഖപ്പെടുത്തണം.

19. പാലിയേറ്റീവ് കെയറിന്റെ ഭാഗമായി മരുന്ന് വാങ്ങിയിട്ടുണ്ട്. തുക എങ്ങനെ രേഖപ്പെടുത്തും ?

ബ്ലോക്ക് 6.1 ൽ രേഖപ്പെടുത്തിയാൽ മതിയാകും

20. എം.പി ഫണ്ട് ഉപയോഗിച്ച് ക്ലാസ് മുറി ലഭിച്ചു. അതിന്റെ വയറിംഗ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തു. എങ്ങനെ രേഖപ്പെടുത്തും ?

എം.പി ഫണ്ട് ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ

| | |
|---|---|
| | ഉദ്യോഗസ്ഥനാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതെങ്കിൽ അദ്ദേഹം ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുക. മുഴുവൻ തുകയും (വയറിംഗിന്റെ ഉൾപ്പെടെ) രേഖപ്പെടുത്തണം. |
| 21. | കളി സ്ഥല വിപുലീകരണം എങ്ങനെ എഴുതും ?<br>വിദ്യാഭ്യാസ വിഷയമേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനാണ് നടപ്പിലാക്കിയ തെങ്കിൽ ബ്ലോക്ക് 5.4 ൽ രേഖപ്പെടുത്തുക. |
| 22. | രണ്ടു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ സ്ഥാപനങ്ങളിൽ ഒരേ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ രണ്ട് ലോഗിൻ ഐ.ഡി ഉണ്ടാകുമോ ?<br>ഉണ്ടാകും. |
| 23. | സിദ്ധ ഡിസ്പൻസറിയിലെ നിർവ്വഹണവും ആയുർവേദ നിർവ്വഹണ ഉദ്യോഗസ്ഥനാണ് നടത്തുന്നതെങ്കിൽ എങ്ങനെ രേഖപ്പെടുത്തും ?<br>സിദ്ധയുടെ ചോദ്യാവലിയിൽ അതത് ബ്ലോക്കുകളിലായി വിവരങ്ങൾ രേഖപ്പെടുത്തണം. |
| 24. | രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രോജക്ടിൽ ചെലവഴിച്ച തുക എങ്ങനെ രേഖപ്പെടുത്തും.<br>ചോദ്യാവലിയലെ 6.1 ബ്ലോക്കിൽ 7–ാം മത്തെ ഇനത്തിൽ തുക രേഖപ്പെടുത്തണം. |
| 25. | മൃഗസംരക്ഷണം / ക്ഷീരവികസന മേഖലയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ (വെറ്റിനറി സർജൻ) തന്നെ മൃഗസംരക്ഷണ മേഖലയുടെയും ക്ഷീരവികസന മേഖലയുടെയും വിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതുണ്ടോ ?<br>നിലവിലെ വിവരശേഖരണത്തില് മൃഗസംരക്ഷണ മേഖലയിലെയും ക്ഷീരവികസന മേഖലയിലെയും പ്രവർത്തനങ്ങള് വെറ്ററിനറി സർജന് തന്നെ ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തണം. (ക്ഷീര വികസന മേഖലയിൽ പ്രത്യേക നിർവഹണ ഉദ്യോഗസ്ഥന് ഉണ്ടെങ്കിലും ഇല്ലെങ്കിലും) |
| 26. | പഞ്ചായത്തുകളിൽ ചില വിഷയമേഖലകളിൽ ഒന്നിൽ കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരുണ്ടാകും. സർവേ വിവരങ്ങൾ നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തേണ്ടത് ?<br>പഞ്ചായത്തുകളിൽ ചില വിഷയ മേഖലകളിൽ ഒരു പ്രൊജക്ടും ഉണ്ടാകില്ല. അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത വിഷയ മേഖലയുടെ ചോദ്യാവലി നൽകേണ്ടതുണ്ടോ? പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിലെ ഓരോ വിഷയമേഖലയുമായി ബന്ധപ്പെട്ട് സർവേയ്ക്കായി ചുമതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥനെ തീരുമാനിക്കേണ്ടത് അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ്. ആയതിനാൽ സെക്രട്ടറിമാരുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥരെക്കുറിച്ച് മനസ്സിലാക്കുകയും അവർകൾ User ID, Password എന്നിവ നൽകുകയും ചെയ്യണം. വിഷയ മേഖലകളിൽ 5 വർഷവും പ്രൊജക്ടുകൾ ഒന്നും തന്നെ ഇല്ലെങ്കിലും "No data" കാരണം കാണിച്ച് ഷെഡ്യൂൾ ഓൺലൈനായി നൽകണം. ഇതിനുള്ള ക്രമീകരണങ്ങൾ സെക്രട്ടറിമാരുമായി ആലോചിച്ച് ചെയ്യണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 13 ചോദ്യാവലികളെ സംബന്ധിച്ച വിവരങ്ങളും ലഭിച്ചിരിക്കണം. |